**A** **GI 201**

# സമഗ്രശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണ്ണയം 2023–24
## ഉദ്ഗ്രഥനം - ഒന്നാം ദിവസം

ക്ലാസ് : 2

---

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

- മൂന്ന് ദിവസങ്ങളിലേക്കായി 14 പ്രവർത്തനങ്ങളാണ് തയാറാക്കിയിരിക്കുന്നത്.
- ഓരോ പ്രവർത്തനവും മൂല്യനിർണ്ണയം ചെയ്ത് നിലവാര സൂചിക (a, b, c, d, e) രേഖപ്പെടുത്തണം
- ഓരോ പ്രവർത്തനത്തിനും ലഭിച്ച നിലവാര സൂചിക പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് (A, B, C, D, E) നൽകണം.
- ക്രയോണുകൾ എല്ലാ ദിവസവും കൊണ്ടുവരാൻ നിർദേശിക്കണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.

---

**പ്രവർത്തനം 1 - ഒഴുകുന്ന പുഴ**

*പഠനനേട്ടം*

- ***വായന സാമഗ്രികൾ വായിച്ച് ആശയം കണ്ടെത്തുന്നു.***

*സൂചകങ്ങൾ*

1. ആഖ്യാനം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിട്ടുണ്ട്. (ഓരോ മാർക്ക്) (5)

**പ്രവർത്തനം 2 - പൂമരം**

*പഠനനേട്ടം*

- ***രണ്ട് ഒരക്ക സംഖ്യകളുടെ തുക കാണുന്നു.***
- ***സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.***

*സൂചകങ്ങൾ*

1. എണ്ണം തിരിച്ചറിഞ്ഞ് പൂക്കൾക്ക് ശരിയായ നിറം നൽകിയിട്ടുണ്ട്. (2)
2. മഞ്ഞയും ചുവപ്പും കൂടി എത്ര പൂക്കൾ (11) എന്ന് കണ്ടെത്തിയിട്ടുണ്ട്. (1)
3. മരത്തിലെ ആകെ പൂക്കളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ട്. (25) (1)
4. ബാക്കി പൂക്കളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ട്. (20) (1)

**പ്രവർത്തനം 3 - പൂമരത്തിലെ കൂട്ടുകാർ**

*പഠനനേട്ടം*

- ***സമാനതകൾ ഉള്ള വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.***

*സൂചകങ്ങൾ*

1. കവിതയുടെ തുടർന്നുള്ള വരികൾ എഴുതിയിട്ടുണ്ട്. (2)
2. ഈണം, താളം, ഭാവം എന്നിവ പാലിച്ചിട്ടുണ്ട്. (1)
3. അനുയോജ്യമായ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. (1)
4. അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

## പ്രവർത്തനം 4 – ഗ്രാമക്കാഴ്ചകൾ

*പഠനനേട്ടം*

• ***പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് എഴുതുന്നു.***

*സൂചകങ്ങൾ*

1. ഗ്രാമക്കാഴ്ചകൾ തിരിച്ചറിഞ്ഞ് '✓' അടയാളം രേഖപ്പെടുത്തിയിട്ടുണ്ട്.
(ഓരോന്നിനും 1 സ്കോർ വീതം) (5)

## പ്രവർത്തനം 5 – പഴക്കൂട

*പഠനനേട്ടം*

• ***സ്ഥാനവില തിരിച്ചറിഞ്ഞ് രണ്ടക്കസംഖ്യ രൂപീകരിക്കുന്നു. പിരിച്ചെഴുതുന്നു.***

*സൂചകങ്ങൾ*

1. പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരിക്കുന്നു. (2)
2. രണ്ടക്ക സംഖ്യ പത്തുകളും ഒന്നുകളുമായി പിരിച്ചെഴുതുന്നു. (രണ്ടെണ്ണം) (2)
3. സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കുന്നു. (1)